പതിമൂന്നാം കേരള നിയമസഭ

# സബ്ജക്റ്റ് കമ്മിറ്റി VI

## (വിദ്യാഭ്യാസം)

**2013-2014 സാമ്പത്തികവർഷം പൊതുവിദ്യാഭ്യാസ വകുപ്പ്
നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനം
സംബന്ധിച്ച റിപ്പോർട്ട്**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235എ പ്രകാരം
ചർച്ചചെയ്തത്

2014 ഡിസംബർ 8-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

പതിമൂന്നാം കേരള നിയമസഭ

# സബ്ജക്റ്റ് കമ്മിറ്റി VI

**(വിദ്യാഭ്യാസം)**

**2013-2014 സാമ്പത്തികവർഷം പൊതുവിദ്യാഭ്യാസ വകുപ്പ്**
**നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനം**
**സംബന്ധിച്ച റിപ്പോർട്ട്**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235എ പ്രകാരം
ചർച്ചചെയ്തത്

1410/2014.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

## സബ്ജക്റ്റ് കമ്മിറ്റി VI

## വിദ്യാഭ്യാസം

## (2013-2016)

### ഘടന

<u>ചെയർമാൻ</u> :

ശ്രീ. പി. കെ. അബ്ദു റബ്ബ്,
വിദ്യാഭ്യാസ വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം</u> :

ശ്രീ. കെ. സി. ജോസഫ്,
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. എം. എ. ബേബി

,, ഇ. ചന്ദ്രശേഖരൻ

ഡോ. കെ. ടി. ജലീൽ

,, എൻ. ജയരാജ്

ശ്രീ. ജോസഫ് വാഴയ്ക്കൻ

,, റ്റി. വി. രാജേഷ്

,, ഷാഫി പറമ്പിൽ

,, എം. ഉമ്മർ

,, പി. സി. വിഷ്ണുനാഥ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

,, തോമസ് ചെട്ടുപറമ്പിൽ, ജോയിന്റ് സെക്രട്ടറി

,, എൻ. പ്രേമചന്ദ്രൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി

,, ജി. എസ്. സുരേഷ്കുമാർ, അണ്ടർ സെക്രട്ടറി.

# അവതാരിക

2013-14 സാമ്പത്തിക വർഷം പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനം എന്ന വിഷയം സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VI (വിദ്യാഭ്യാസം)-ന്റെ റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

വിദ്യാഭ്യാസം സുപ്രധാനമായ സാമൂഹ്യ വികസന സൂചകമാണ്. വിദ്യാഭ്യാസ രംഗത്തിന്റെ ദിശാബോധത്തോടെയുള്ള വളർച്ചയ്ക്കും വികസനത്തിനും ശരിയായ വിലയിരുത്തലും പരിഹാര നടപടികളും അത്യന്താപേക്ഷിതമാണ്. ആയതിനാൽ വരുംതലമുറയ്ക്ക് എത്രത്തോളം മികവുറ്റ രീതിയിൽ വിദ്യാഭ്യാസം നൽകുവാൻ കഴിയും എന്നത് വിശകലനം ചെയ്യുന്നതിന് വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VI തീരുമാനിക്കുകയുണ്ടായി. അതുപ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 2013-14-ലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെയുള്ള പദ്ധതികൾ അവലോകനം ചെയ്യുന്നതിനായി നിയമസഭാ ചട്ടം 235എ പ്രകാരം 5-12-2013-ന് സമിതി യോഗം ചേരുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്ന് അഭിപ്രായങ്ങൾ സ്വരൂപിക്കുകയും ചെയ്തു. പ്രസ്തുത വിഷയം സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് നൽകിയ അവലോകന കുറിപ്പും യോഗത്തിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിലുള്ള സമിതിയുടെ ശിപാർശകളും അടങ്ങിയതാണ് ഈ റിപ്പോർട്ട്.

2014 ഡിസംബർ 4-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

തിരുവനന്തപുരം,
2014 ഡിസംബർ 4.

**പി. കെ. അബ്ദു റബ്ബ്,**
*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി VI.*

# റിപ്പോർട്ട്

1. സമൂഹത്തെ മാറ്റിമറിക്കുവാൻ കഴിവുള്ള അതിശക്തമായ ആയുധമാണ് വിദ്യാഭ്യാസം. ഒരു രാജ്യം പുരോഗതിയിലേക്ക് കുതിക്കണമെങ്കിൽ വിദ്യാസമ്പന്നരായ ജനത ഉണ്ടാകണം. നന്മതിന്മകളെ തിരിച്ചറിയുവാൻ കഴിവുള്ള ഒരു തലമുറയെ വാർത്തെടുക്കുവാൻ വിദ്യാഭ്യാസത്തിനു മാത്രമേ കഴിയൂ. വിജ്ഞാനമുള്ള വ്യക്തികൾ ഉണ്ടാകുമ്പോൾ നല്ല കുടുംബങ്ങളും നല്ല സമൂഹങ്ങളും നല്ല രാഷ്ട്രവും ഉണ്ടാകും.

2. ഒരു രാഷ്ട്രത്തിന്റെ കരുത്ത് വിദ്യാസമ്പന്നരായ ജനങ്ങളാണ്. രാജ്യത്തിന്റെ വികസനത്തിൽ പ്രധാന ചാലകമായി പ്രവർത്തിക്കുന്നത് വിദ്യാഭ്യാസത്തിലധിഷ്ഠിത മായ മനുഷ്യവിഭവശേഷിയാണ്. സംസ്ഥാനത്തിന്റെ ഉയർന്ന സാക്ഷരതയും വിദ്യാഭ്യാസ നേട്ടങ്ങളുമാണ് വികസിത രാജ്യങ്ങൾക്കൊപ്പമുള്ള ഉയർന്ന ജീവിതനിലവാരം ആർജ്ജിക്കാൻ നമ്മെ പ്രാപ്തരാക്കിയത്. വരും തലമുറയെ രാജ്യത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിൽ ഭാഗഭാക്കാക്കുക, വിദ്യാഭ്യാസം ഓരോ കുട്ടിയുടേയും മൗലിക അവകാശം എന്ന തത്വം പ്രാവർത്തികമാക്കുക, സ്കൂൾ വിദ്യാഭ്യാസത്തിൽ കേരളത്തെ ലോകത്തിന് മാതൃകയാക്കുക എന്നീ ലക്ഷ്യങ്ങൾ കൈവരി ക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തേണ്ട തുണ്ട്. ഈ സാഹചര്യത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന തുടർ പദ്ധ തികൾ കൂടുതൽ മികവുറ്റതാക്കുന്നതിനായി വിദ്യാഭ്യാസം സംബന്ധിച്ച സബ്ജകറ്റ് കമ്മിറ്റി VI, 2013 ഡിസംബർ 5-ാം തീയതി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235എ പ്രകാരം യോഗം ചേർന്ന് 'പൊതുവിദ്യാഭ്യാസ വകുപ്പ് 2013-14 സാമ്പത്തികവർഷം നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച അവലോകനം' എന്ന വിഷയം പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്ന് പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച് വിശദാംശം ആരായുകയും ചെയ്തു. പ്രസ്തുത വിഷയം സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കിയ വിശദാംശങ്ങളും സമിതിയുടെ ശിപാർശകളും നിർദ്ദേശങ്ങളും അടങ്ങിയതാണ് ഈ റിപ്പോർട്ട്.

3. സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകളിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന താണ് പൊതുവിദ്യാഭ്യാസ വകുപ്പ്. വിദ്യാർത്ഥികൾ, അദ്ധ്യാപകർ, വിദ്യാലയങ്ങൾ, രക്ഷകർത്താക്കൾ, സമൂഹം എന്നീ വിഭജിക്കാനാവാത്ത ഘടകങ്ങളുള്ള പൊതുവിദ്യാഭ്യാസ വകുപ്പിൽ ഒന്ന് മുതൽ പത്തുവരെ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്ന വിഭാഗത്തിനു പുറമേ 11, 12 ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്ന ഹയർ സെക്കന്ററി, 11, 12 ക്ലാസ്സുകളിൽ പൊതുവിദ്യാഭ്യാസത്തോടൊപ്പം തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നൽകുന്ന വൊക്കേഷണൽ ഹയർ സെക്കന്ററി, അനൗപചാരിക വിദ്യാഭ്യാസം നൽകുന്ന കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി, എല്ലാവിഭാഗങ്ങൾക്കും സഹായ സേവനം നൽകുന്ന സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി.), രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ

(ആർ.എം.എസ്.എ.), ഐ.ടി.@സ്കൂൾ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ മാനേജ്മെന്റ് ആന്റ് ട്രെയിനിംഗ് (സീമാറ്റ്), കേന്ദ്രസഹായത്തോടെ 6 മുതൽ 14 വയസ്സു വരെ പ്രായമുള്ള കുട്ടികളെ സ്കൂളിൽ എത്തിക്കുന്ന സർവ്വ ശിക്ഷാ അഭിയാൻ എന്നീ വിഭാഗങ്ങൾ ഉൾപ്പെടുന്നു.

## സ്കൂൾ വിദ്യാഭ്യാസം

4. എല്ലാ കുട്ടികൾക്കും അടിസ്ഥാന വിദ്യാഭ്യാസം പ്രാപ്തമാക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഘടകമാണ് സ്കൂൾ വിദ്യാഭ്യാസം. പ്രാന്തപ്രദേശങ്ങളിലേയും വനവാസ മേഖലകളിലേയും കുട്ടികൾക്ക് അടിസ്ഥാന വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനായി ബഹുതല പഠന കേന്ദ്രങ്ങൾ (എം.ജി.എൽ.സി.) എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. വിദ്യാഭ്യാസത്തിനു പുറമേ കലാകായിക ഇനങ്ങളിലും കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിനായുള്ള നിരവധി പദ്ധതികളും നടപ്പിലാക്കിവരുന്നു. ഇതോടൊപ്പം ഗുണനിലവാരമുള്ള വിദ്യാഭ്യാസം എല്ലാ വിദ്യാർത്ഥികൾക്കും പ്രാപ്യവും താങ്ങാൻ പറ്റാവുന്നതുമാക്കുക, പ്രവേശനം, നീതി, ഗുണമേന്മ എന്നിവ ഉറപ്പാക്കുക എന്നിവയ്ക്കായി രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കി വരുന്നു.

5. സംസ്ഥാന പദ്ധതിയിനത്തിൽ 13070 ലക്ഷം രൂപയും, 100% കേന്ദ്രാവിഷ്കൃത പദ്ധതി ചെലവുകൾക്കായി മൂലധന ചെലവിൽ 13051.82 ലക്ഷം രൂപയും 90% കേന്ദ്രാവിഷ്കൃത പദ്ധതിക്കായി 17000 ലക്ഷം രൂപയും 75% കേന്ദ്രാവിഷ്കൃത പദ്ധതിക്കായി 8700 ലക്ഷം രൂപയും 50% കേന്ദ്രാവിഷ്കൃത പദ്ധതിക്കായി 3000 ലക്ഷം രൂപയും 2013-14 സാമ്പത്തിക വർഷത്തിൽ സ്കൂൾ വിദ്യാഭ്യാസത്തിനായി ബഡ്ജറ്റിൽ വകയിരുത്തുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

2202-02-109-69—സ്കൂൾ വിദ്യാഭ്യാസം-അടിസ്ഥാന സൗകര്യം

6. ഗവൺമെന്റ് സ്പെഷ്യൽ സ്കൂളുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, സ്കൂളുകളിലെ വിവര വിനിമയ സാങ്കേതിക വിദ്യാപദ്ധതികൾ/എഡ്യൂക്കേഷണൽ ടെക്നോളജി സ്കീം, സർക്കാർ സ്കൂളുകളുടെ നിലവാരം ഉയർത്തൽ എന്നീ പദ്ധതികളാണ് ഈ ശീർഷകത്തിൻകീഴിൽ നടപ്പിലാക്കിവരുന്നത്.

7. നിലവിലുള്ള സ്കൂൾ കെട്ടിടങ്ങളുടെ വ്യാപ്തി വർദ്ധിപ്പിക്കൽ, ഹോസ്റ്റൽ നവീകരണം, ടോയ്‌ലറ്റുകൾ, മെസ്സ്, അടുക്കള എന്നിവയുടെ വിപുലീകരണം, ചുറ്റുമതിൽ നിർമ്മാണം, അദ്ധ്യാപക ക്വാർട്ടേഴ്സ് നിർമ്മാണം, ആയ, മേട്രൺ തുടങ്ങിയവയാണ് 'ഗവൺമെന്റ് സ്പെഷ്യൽ സ്കൂളുകളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിനായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതിൽ 92.34 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

8. സ്കൂളുകളിൽ അടിസ്ഥാന സൗകര്യം ഒരുക്കുക, വിവരസാങ്കേതിക വിദ്യാഭ്യാസ ത്തിനായി ധനാഗമമാർഗ്ഗങ്ങൾ കണ്ടെത്തുക, സാങ്കേതിക വിദ്യയുടെ സഹായത്തോടെ അദ്ധ്യാപകരെ ഭാഷയും മറ്റു ശാസ്ത്ര, സാമൂഹിക ശാസ്ത്രവിഷയങ്ങളും പഠിപ്പിക്കാൻ പ്രാപ്തരാക്കുക, ബ്രോഡ് ബാന്റ് പരിപാടികൾ, ഹാർഡ്‌വേയർ ക്ലിനിക്, ഐ.റ്റി. മേളകൾ നടത്തുകയും അവാർഡ് നൽകുകയും ചെയ്യുക, ഇ-ഗവേണൻസ് പരിപാടികൾ, ഉള്ളടക്കത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കൽ എന്നിവ ലക്ഷ്യമാക്കിയുള്ളതാണ് 'സ്കൂളുകളിലെ വിവരവിനിമയ സാങ്കേതിക വിദ്യാപദ്ധതികൾ/എഡ്യൂക്കേഷണൽ ടെക്നോളജി സ്കീം' എന്ന പദ്ധതി. ഇതിനായി 2000 ലക്ഷം രൂപ വകയിരുത്തിയി ട്ടുണ്ടെന്നും ഭരണാനുമതി നൽകിയിട്ടുണ്ടെന്നും സമിതി വിലയിരുത്തി. ആധുനിക കാലത്ത് ഏറ്റവും അത്യന്താപേക്ഷിതമായ വിവരസാങ്കേതിക വിദ്യാഭ്യാസം അതീവ പ്രാധാന്യത്തോടെ കാണേണ്ട ഒന്നാണെന്ന് സമിതി നിരീക്ഷിച്ചു.

9. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കൽ, വിദ്യാഭ്യാസ മേഖലയിൽ ഭരണ പരിഷ്കാരങ്ങൾ ആരംഭിക്കുക, വിദ്യാഭ്യാസ മേഖലയിലെ പുരോഗതി, കലാകായിക വിനോദങ്ങളിലും വിവരസാങ്കേതിക വിദ്യയിലൂടെ പലതരം നൈപുണ്യം വികസിപ്പിച്ചെടുക്കുകവഴി ജീവിത നിലവാരം മെച്ചപ്പെടുത്തുക തുടങ്ങിയ പരിപാടി കളാണ് 'സർക്കാർ സ്കൂളുകളുടെ നിലവാരം ഉയർത്തുക' എന്ന പദ്ധതിയിൽ ഉൾപ്പെടുന്നത്. 160 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള ഈ പദ്ധതിക്ക് ഭരണാനുമതി നൽകിക്കഴിഞ്ഞതായും സമിതി വിലയിരുത്തി.

4202-01-202-93—<u>അടിസ്ഥാന സൗകര്യം-സ്കൂൾ വിദ്യാഭ്യാസം</u>

10. സർക്കാർ സ്കൂളുകളെ ആധുനീകരിച്ച് നിലവാരം ഉയർത്തുന്നതിനായി വിശാലമായ കെട്ടിടങ്ങൾ, ഓഡിറ്റോറിയം, നന്നായി സജ്ജീകരിച്ച ഭക്ഷണമുറികൾ, ലൈബ്രറി തുടങ്ങിയ സംവിധാനങ്ങളോടുകൂടിയ ലബോറട്ടറി (ഐ.ടി.യും ഭാഷാ ലാബുകളും ഉൾപ്പെടെ), കായിക കളരി ആർട്ട്സ് മുറികൾ/ഹാളുകൾ, കാര്യനിർവ്വഹണ ത്തിനുള്ള കെട്ടിടങ്ങളുടെ നിർമ്മാണം എന്നിവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത് എന്ന് വിലയിരുത്തിയ സമിതി കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് സർക്കാർ സ്കൂളുകളുടെ നിലവാരം ഉയർത്തുന്നതിന് അടിയന്തര പരിഗണന നല്കണമെന്ന് നിരീക്ഷിച്ചു. പദ്ധതിയിൽ 400 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും ഇതിൽ 390 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിക്കഴിഞ്ഞതായും സമിതി വിലയിരുത്തി.

2202-02-109-71—<u>സ്കൂൾ വിദ്യാഭ്യാസം-വിദ്യാഭ്യാസ പരിപാടികളുടെ മികവ്</u>

11. സെക്കന്ററി സ്കൂളുകളിൽ മെച്ചപ്പെട്ട വിദ്യാഭ്യാസം സ്വായത്തമാക്കൽ; ഗുണനിലവാരമുള്ള വിദ്യാഭ്യാസം-വിദ്യാർത്ഥിയുടെ അവകാശം; സംസ്കൃത വിദ്യാഭ്യാസ വികസനം; ഗണിത ശാസ്ത്രം, സയൻസ്, സാമൂഹിക ശാസ്ത്ര പഠനങ്ങൾ മെച്ചപ്പെടുത്തൽ; പൊതുവിദ്യാഭ്യാസ വകുപ്പിലേയും അതിന്റെ കീഴിൽ പ്രവർത്തിക്കുന്ന കാര്യാലയ ങ്ങളിലേയും ജീവനക്കാരുടെ കാര്യക്ഷമത മെച്ചപ്പെടുത്തൽ; ഇംഗ്ലീഷ് ഭാഷാ ജില്ലാ കേന്ദ്രങ്ങൾ; പ്രത്യേക അദ്ധ്യാപക പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങൽ (വിഭിന്ന ശേഷി യുള്ള കുട്ടികൾക്ക്); അന്തർദേശീയ ദ്രാവിഡ ഭാഷാ സ്ഥാപനം; അദ്ധ്യാപക പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകളുടെ സൗകര്യം മെച്ചപ്പെടുത്തൽ എന്നീ പദ്ധതികളാണ് ഈ ശീർഷകത്തിൻകീഴിൽ നടപ്പിലാക്കിവരുന്നത്.

12. സംസ്ഥാനതല, റവന്യൂ ജില്ലാതല, വിദ്യാഭ്യാസ ജില്ലാതല മോണിറ്ററിംഗ്, ക്യൂ.ഐ.പി. സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി, അദ്ധ്യാപക പരിശീലനം, അദ്ധ്യാപക തുടർ പരിശീലനത്തിനായുള്ള എസ്.ആർ.ജി. പരിശീലനം, ചോദ്യപേപ്പർ തയ്യാറാക്കൽ, ഡി.ഇ.ഒ.മാർക്കുള്ള ക്യൂ.ഐ.പി. ഫണ്ട്, പരിശീലന സാമഗ്രികളുടെ വികസനം, അറബിക് പ്രോഗ്രാമുകൾ, ഒ.എസ്.എസ്. പരിപാടികൾ, പരിശീലകരുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾ എന്നിവയാണ് 'സെക്കന്ററി സ്കൂളുകളിൽ മെച്ചപ്പെട്ട വിദ്യാഭ്യാസം സ്വായത്തമാക്കൽ' എന്ന പദ്ധതിയിൽ നടപ്പിലാക്കി വരുന്നതെന്ന് നിരീക്ഷിച്ച സമിതി 50 ലക്ഷം രൂപ അനുവദിച്ച ഈ പദ്ധതിക്കായി 6.66 ലക്ഷം രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ എന്നതിൽ അതൃപ്തി രേഖപ്പെടുത്തി.

13. സ്കൂൾ, ജില്ല, സംസ്ഥാനതല വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കുക, അദ്ധ്യാപക പരിശീലനം, മോണിറ്ററിംഗും സഹായപരിപാടികളും, 104 സ്കൂളുകളിൽ പ്രത്യേക പരിപാടികൾ, പ്രത്യേക ഉച്ചഭക്ഷണ പരിപാടികൾ, ദ്രുതകർമ്മ പരിപാടികൾ, സഹവാസ ക്യാമ്പുകൾ എന്നിവ 'ഗുണനിലവാരമുള്ള വിദ്യാഭ്യാസം-വിദ്യാർത്ഥിയുടെ അവകാശം' എന്ന പദ്ധതിയുടെ പ്രധാന ഘടകങ്ങളാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ധാരാളം കുട്ടികൾക്ക് ഇത് പ്രയോജനപ്രദമാകുമെന്ന് സമിതി വിലയിരുത്തി. ഈ പദ്ധതിക്കായി 100 ലക്ഷം രൂപ അനുവദിച്ചുവെങ്കിലും 3.19 ലക്ഷം രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളു എന്നതിൽ സമിതി അസംതൃപ്തി രേഖപ്പെടുത്തി.

14. സംസ്കൃത ഭാഷ സംസാരിക്കുന്നതിന് പരിശീലനം, സംസ്കൃത സ്കോളർഷിപ്പും സർട്ടിഫിക്കറ്റും, സംസ്കൃത ദിനാചരണം, ശുദ്ധ സംസ്കൃത സ്കോളർഷിപ്പ്, അധിക പഠന സഹായിയുടെ നിർമ്മാണം, സ്കോളർഷിപ്പ് പരീക്ഷയ്ക്കായുള്ള ചോദ്യപേപ്പർ തയ്യാറാക്കലും വിതരണം ചെയ്യലും, സംസ്കൃത കൗൺസിൽ സെക്രട്ടറിമാർക്കായുള്ള ഏകദിന പരിശീലനം, സംസ്കൃത പുസ്തകങ്ങൾ വാങ്ങൽ എന്നിവയാണ് 'സംസ്കൃത വിദ്യാഭ്യാസ വികസനം' എന്ന പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന പ്രധാന പരിപാടികൾ. 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടായിരുന്ന ഈ പദ്ധതിക്കായി 36.43 ലക്ഷം രൂപ ചെലവഴിച്ചു എന്ന് സമിതി വിലയിരുത്തി.

15. വിദ്യാർത്ഥികളിൽ ശാസ്ത്രീയാവബോധം സൃഷ്ടിക്കുക, സയൻസ്, ഗണിതശാസ്ത്രം, സാമൂഹികശാസ്ത്രം എന്നിവ മികച്ച രീതിയിൽ സ്കൂളുകളിൽ വിദ്യാർത്ഥികൾക്ക് പകർന്നു നൽകുക എന്നിവയാണ് 'ഗണിതശാസ്ത്രം, സയൻസ്, സാമൂഹിക ശാസ്ത്രപഠനങ്ങൾ മെച്ചപ്പെടുത്തൽ' എന്ന പദ്ധതിയുടെ പ്രധാന ലക്ഷ്യം. സയൻസ് സെമിനാറുകൾ, ക്വിസ് മൽസരങ്ങൾ, സയൻസ് ഫെയർ, കമ്പ്യൂട്ടർ ഫെയർ, വിദ്യാർത്ഥികൾക്കായുള്ള സയൻസ് നാടക മത്സരങ്ങൾ, ഉപന്യാസമത്സരം തുടങ്ങിയ പരിപാടികളും ഓരോ വിദ്യാഭ്യാസ ജില്ലയിലും മികച്ച രീതിയിൽ പ്രവർത്തിക്കുന്ന സയൻസ് ക്ലബ്ബുകൾക്ക് ധനസഹായം നൽകുന്ന പരിപാടിയും പദ്ധതിയുടെ ഭാഗമാണെന്നും 85 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതിൽ 42.27 ലക്ഷം രൂപ ചെലവഴിച്ചുവെന്നും സമിതി വിലയിരുത്തി.

16. പൊതുവിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനായുള്ള 'പൊതുവിദ്യാഭ്യാസ വകുപ്പിലേയും അതിന്റെ കീഴിൽ പ്രവർത്തിക്കുന്ന കാര്യാലയങ്ങളിലേയും ജീവനക്കാരുടെ കാര്യക്ഷമത മെച്ചപ്പെടുത്തൽ' എന്ന പദ്ധതിക്ക് 30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും 3.93 ലക്ഷം രൂപ മാത്രമെ ചെലവഴിച്ചിട്ടുള്ളൂ എന്ന് വിലയിരുത്തിയ സമിതി വകയിരുത്തിയിട്ടുള്ളതിൽനിന്നും വളരെ കുറച്ചുമാത്രം ചെലവഴിച്ച പദ്ധതിയുടെ ഫലപ്രാപ്തിയിൽ സംശയം പ്രകടിപ്പിച്ചു.

17. ഇംഗ്ലീഷ് ഭാഷ പ്രായോഗികമായി സ്വായത്തമാക്കുക, ഭാഷയുടെ ശരിയായ ഉപയോഗം, ഭാഷയോടുള്ള നവീനമായ സമീപനം എന്നിവയിലൂടെ സ്കൂളുകളിൽ ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കുന്ന അദ്ധ്യാപകരെ വിദഗ്ദ്ധരാക്കുവാൻ പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന 'ഇംഗ്ലീഷ് ഭാഷാ ജില്ലാ കേന്ദ്രങ്ങൾ' എന്ന പദ്ധതി യുവതലമുറയ്ക്ക് നല്ലൊരു ഭാവി പ്രദാനം ചെയ്യുമെന്നും ഈ പദ്ധതി പൂർണ്ണമായി പ്രാവർത്തികമാക്കണമെന്നും അഭിപ്രായപ്പെട്ട സമിതി 30 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ള പ്രസ്തുത പദ്ധതിക്കായി 18 ലക്ഷം രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂവെന്ന് നിരീക്ഷിച്ചു.

18. ഇന്ദിരാ ഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി നടത്തുന്ന ദ്വിവൽസര ഡിപ്ലോമ കോഴ്സ് സർക്കാർ സ്പെഷ്യൽ സ്കൂളുകളിൽ ആരംഭിക്കുന്നതാണെന്നും ഒരു ബാച്ചിൽ 25 കുട്ടികൾക്ക് പ്രവേശനം നൽകുന്നതാണെന്നും കോഴ്സുകൾ നടത്തുക, കെട്ടിട നിർമ്മാണം, വേതനം, മറ്റു ചെലവുകൾ എന്നിവയ്ക്കായുള്ള 'പ്രത്യേക അദ്ധ്യാപക പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങൽ (വിഭിന്നശേഷിയുള്ള കുട്ടികൾക്ക്)' എന്ന പദ്ധതി സമിതി ചർച്ച ചെയ്തു. ഈ പദ്ധതിക്കായി 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും വർഷാവസാനമാകാറായിട്ടും ഭരണാനുമതി നൽകുക മാത്രമേ ചെയ്തിട്ടുള്ളൂവെന്നതിൽ സമിതി അതൃപ്തി രേഖപ്പെടുത്തി. പദ്ധതി ഈ അദ്ധ്യയന വർഷം പ്രാവർത്തികമാകുമോ എന്ന് സമിതി സംശയം പ്രകടിപ്പിച്ചു.

19. ദ്രാവിഡ പഠനങ്ങളുമായി ബന്ധപ്പെട്ട തനത് സൃഷ്ടികൾ ഏറ്റെടുക്കുകയും സംഘടിപ്പിക്കുകയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നതോടൊപ്പം ദ്രാവിഡ ഭാഷ, കല, വാസ്തുവിദ്യ, ചരിത്രം, ഫിലോസഫി, സംസ്കാരം, മതം, പട്ടികവർഗ്ഗ സംസ്കാരം എന്നീ മേഖലകളിൽ നൂതന ഗവേഷണങ്ങൾ നടത്തുക എന്നിവയാണ് 'അന്തർദേശീയ ദ്രാവിഡ ഭാഷാ സ്ഥാപനം' എന്ന പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളെന്നും ലൈബ്രറിയിലേക്കാവശ്യമായ പുസ്തകങ്ങളും ജേർണലുകളും വാങ്ങുന്നതിനും കമ്പ്യൂട്ടർ അപ്ഗ്രഡേഷൻ, ഡാറ്റാ ബാങ്ക്, ശില്പശാല, ഓറിയന്റേഷൻ കോഴ്സ്, സെമിനാർ തുടങ്ങിയവയ്ക്കായാണ് ഈ ശീർഷകത്തിലെ തുക വിനിയോഗിക്കുന്നതെന്നും 30 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ള ഈ പദ്ധതിക്കായി 15 ലക്ഷം രൂപ ചെലവഴിച്ചുവെന്നും സമിതി വിലയിരുത്തി.

20. സംസ്ഥാനത്തെ 24 സർക്കാർ അധ്യാപന പരിശീലന സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾ, സംരക്ഷണ പ്രവർത്തനം, ലബോറട്ടറി സംവിധാനങ്ങൾ മെച്ചപ്പെടുത്തൽ, ഫിസിയോളജിക്കൽ ലാബ്, എഡ്യൂക്കേഷൻ ടെക്നോളജി/ വിവരസാങ്കേതികവിദ്യ, കലാകായിക ഉപകരണങ്ങൾ, ലൈബ്രറി വികസനം എന്നിവയാണ് 'അദ്ധ്യാപന പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകളുടെ സൗകര്യം മെച്ചപ്പെടുത്തൽ'

എന്ന പദ്ധതിയിലെ പ്രധാന പരിപാടികൾ എന്ന് മനസ്സിലാക്കിയ സമിതി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും ജനുവരി മാസത്തോടെ പദ്ധതി പൂർത്തിയാകുന്നതാണെന്നും പറഞ്ഞിട്ടുണ്ടെങ്കിലും പ്രവർത്തന പുരോഗതി സംബന്ധിച്ച വിവരങ്ങൾ നൽകിയിട്ടില്ലെന്ന് അഭിപ്രായപ്പെട്ടു.

2202-02-109-70—സ്കൂൾ വിദ്യാഭ്യാസം-വിദ്യാർത്ഥി കേന്ദ്രീകൃത പ്രവർത്തനങ്ങൾ

21. സെക്കന്ററി സ്കൂളുകളുടെ പ്രവൃത്തി പരിശീലന പരിപാടി; പ്രതിഭാശാലികളായ വിദ്യാർത്ഥികളുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കൽ; കലയിൽ വൈഭവമുള്ള നിർദ്ധനരായ വിദ്യാർത്ഥികൾക്ക് ധനസഹായം, മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കായുള്ള സ്ഥാപനങ്ങൾക്കുള്ള ധനസഹായം; വികലാംഗരായ വിദ്യാർത്ഥികൾക്കുള്ള ധനസഹായം (പ്രത്യേക ശ്രദ്ധ അർഹിക്കുന്ന വിദ്യാർത്ഥികൾ); ബഹുതല പഠനകേന്ദ്രങ്ങൾ (എം.ജി.എൽ.സി.); പ്രീ-പ്രൈമറി വിദ്യാഭ്യാസത്തെ നവീകരിക്കുക എന്നീ പദ്ധതികളാണ് ഈ ശീർഷകത്തിൻകീഴിൽ നടപ്പിലാക്കിവരുന്നത്.

22. വിദ്യാർത്ഥികളുടെ കഴിവ് വികസിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ ഉപകരണങ്ങളും അസംസ്കൃത പദാർത്ഥങ്ങളും ഉപയോഗിക്കുന്നതിന് അവരെ പ്രാപ്തരാക്കാൻ പരിശീലനം നൽകുക, കായികാദ്ധ്വാനത്തിന് മാന്യമായ സ്ഥാനം നൽകുക തുടങ്ങിയ ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന 'സെക്കന്ററി സ്കൂളുകളുടെ പ്രവൃത്തി പരിശീലന പരിപാടി' എന്ന പദ്ധതിയുടെ ഭാഗമായി എല്ലാ വർഷവും സയൻസ് മേളയോടൊപ്പം പ്രവർത്തിപരിചയ മേളയും ഉപജില്ല, വിദ്യാഭ്യാസ ജില്ല, സംസ്ഥാനം എന്നീ തലങ്ങളിൽ സംഘടിപ്പിക്കാറുണ്ടെന്ന് വിലയിരുത്തിയ സമിതി ഇന്റർനെറ്റ് യുഗത്തിൽ ഭാവിതലമുറ മനസ്സിലാക്കേണ്ട മഹത്തായ സന്ദേശമാണ് കായികാദ്ധ്വാനത്തിന്റെ പ്രാധാന്യം എന്നതിനാൽ വളരെ പ്രാധാന്യമർഹിക്കുന്ന പദ്ധതിയാണ് ഇത് എന്ന് അഭിപ്രായപ്പെട്ടു. 50 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ള ഈ പദ്ധതി ഡിസംബർ മാസത്തോടെ നടപ്പിലാക്കുന്നതാണെന്നും സമിതി വിലയിരുത്തി.

23. വിദ്യാർത്ഥി പ്രാധാന്യമുള്ള ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിന് അക്കാദമിക വർഷം കഴിയാറാകുന്നതുവരെ കാലതാമസം നേരിടുന്നതിൽ സമിതി ആശങ്ക രേഖപ്പെടുത്തുകയും പ്രവർത്തിപരിചയ പരിശീലനം നൽകുന്നതിന് ആവശ്യമായ സംവിധാനവും സ്പെഷ്യൽ ടീച്ചർമാരും ഇല്ലാത്തത് വലിയൊരു പോരായ്മയാണെന്ന് ചൂണ്ടിക്കാട്ടുകയും ചെയ്തു. 'ആശ്വാസ്' സ്കൂളുകൾ വരുമ്പോൾ അടുത്ത അദ്ധ്യയനവർഷം മുതൽ അതിന്റെ പരിധിയിലുള്ള സ്കൂളുകളിലെ കുട്ടികൾക്ക് ഒരു ടൈം ഷെഡ്യൂൾ വച്ച് പരിശീലനം നൽകണമെന്നും ആശ്വാസ് സ്കൂളുകൾ വരുന്നതോടുകൂടി കായിക പരിശീലനം നൽകുന്നതിന് സ്പെഷ്യലൈസ്ഡ് അദ്ധ്യാപകരെ നിയമിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

24. 7-ാം ക്ലാസ്സിൽ 75 ശതമാനവും അതിൽ കൂടുതലും മാർക്ക് വാങ്ങി വിജയിച്ച് 8-ാം തരത്തിൽ പഠിക്കുന്ന പ്രതിഭാശാലികളായ വിദ്യാർത്ഥികൾക്ക് പ്രത്യേകപരിശീലനം നൽകുക എന്നതാണ് 'പ്രതിഭാശാലികളായ വിദ്യാർത്ഥികളുടെ കഴിവുകൾ പ്രോൽസാഹിപ്പിക്കൽ' എന്ന പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരിക്കുന്നതെന്നും 40 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതിൽ 38.14 ലക്ഷം രൂപ ചെലവഴിച്ചതായും സമിതി വിലയിരുത്തി.

25. 'കലയിൽ വൈഭവമുള്ള നിർദ്ധനരായ വിദ്യാർത്ഥികൾക്ക് ധനസഹായം' എന്ന പദ്ധതി പ്രകാരം 75,000 രൂപയിൽ കുറവ് വാർഷിക വരുമാനമുള്ള കലയിൽ വൈഭവമുള്ള നിർദ്ധനരായ വിദ്യാർത്ഥികളിൽനിന്നും പഞ്ചായത്ത് തലത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് 10,000 രൂപ വരെ ധനസഹായം നൽകുന്നതാണ്. സബ് ജില്ലാ കലോത്സവത്തിലെ വിദ്യാർത്ഥികളുടെ മികവ് കണക്കിലെടുത്താണ് തെരഞ്ഞെടുപ്പ് നടത്തുന്നതെന്നും 50 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതിൽ 49.5 ലക്ഷം രൂപ ചെലവഴിച്ചു എന്നും വിലയിരുത്തിയ സമിതി ഈ പദ്ധതി കുറ്റമറ്റ രീതിയിൽ സംസ്ഥാനത്ത് നടപ്പിലാക്കണമെന്നും വിദ്യാർത്ഥികൾക്ക് 10,000 രൂപ വരെ നൽകുന്ന ധനസഹായം ചില ഇനങ്ങളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് മാത്രം വീതിച്ചു കൊടുക്കാൻ പാടില്ലെന്നും അർഹരായ എല്ലാ കുട്ടികൾക്കും ഒരുപോലെ വിതരണം ചെയ്യേണ്ടതാണെന്നും ഏത് വിഭാഗത്തിന് എത്ര രൂപ വീതം നൽകി എന്നറിഞ്ഞാൽ മാത്രമേ അപാകതകൾ വന്നിട്ടുണ്ടോ എന്നറിയാൻ കഴിയൂ എന്നും ഏതൊക്കെ ജില്ലകളിലെ ഏതൊക്കെ സ്കൂളുകളിലെ കുട്ടികൾക്ക് എത്ര രൂപ വീതം വിതരണം ചെയ്തു എന്ന വിശദാംശം കൂടി ലഭ്യമാക്കേണ്ടതായിരുന്നുവെന്നും അഭിപ്രായപ്പെട്ടു.

26. മാനസികമായി വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളെ പരിചരിക്കുന്ന സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനുള്ള പദ്ധതിയാണ് 'മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കായുള്ള സ്ഥാപനങ്ങൾക്കുള്ള ധനസഹായം'. ഈ സ്ഥാപനങ്ങളുടെ പശ്ചാത്തല സൗകര്യ വികസനത്തിനും മറ്റ് അനുബന്ധ സൗകര്യങ്ങളുടെ വികസനത്തിനുമായാണ് ഈ പദ്ധതിയിൽ തുക വകയിരുത്തിയിരിക്കുന്നത്. ബഡ് സ്കൂളുകളുടെ പ്രവർത്തനത്തിനും തുക ഉപയോഗിക്കുന്നതാണെന്നും 1000 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ള ഈ പദ്ധതിക്ക് ഭരണാനുമതി നൽകി കഴിഞ്ഞതായും ഡിസംബർ ജനുവരി മാസത്തോടെ പദ്ധതി നടപ്പിലാക്കുന്നതാണെന്നും സമിതി വിലയിരുത്തി.

27. ഒന്ന് മുതൽ എട്ടാം ക്ലാസ് വരെയുള്ള പ്രത്യേക ശ്രദ്ധ അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് ധനസഹായം നൽകുന്ന പദ്ധതിയാണ് 'വികലാംഗരായ വിദ്യാർത്ഥികൾക്കുള്ള ധനസഹായം (പ്രത്യേക ശ്രദ്ധ അർഹിക്കുന്ന വിദ്യാർത്ഥികൾ)'. പുസ്തകങ്ങൾക്കും സ്റ്റേഷനറിക്കുമായി 400 രൂപയും യൂണിഫോം അലവൻസായി 200 രൂപയും യാത്ര അലവൻസായി 500 രൂപയും പ്രതിവർഷം ഈ പദ്ധതി പ്രകാരം നൽകുന്നു. കൂടാതെ അംഗവൈകല്യമുള്ള കുട്ടികൾക്ക് എസ്കോർട്ട് അലവൻസായി 750 രൂപയും കാഴ്ചയില്ലാത്തവർക്ക് വായന അലവൻസായി 500 രൂപയും പ്രതിവർഷം നൽകി വരുന്നുവെന്നും 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും ഭരണാനുമതി നൽകിക്കഴിഞ്ഞ ഈ പദ്ധതിക്കായി ഡിസംബർ മാസത്തോടെ തുക അനുവദിക്കുന്നതാണെന്നും വിലയിരുത്തിയ സമിതി സാമ്പത്തിക വർഷവും അദ്ധ്യയന വർഷവും അവസാനിക്കാറായിട്ടും അനുവദിച്ച തുകയ്ക്ക് ഭരണാനുമതി നൽകിയതല്ലാതെ ആർക്കും ഇതുവരെ തുക നൽകാത്തത് എന്തുകൊണ്ടാണെന്ന് ആരാഞ്ഞതിന് മെഡിക്കൽ ക്യാമ്പ് നടത്തിയതിനുശേഷമേ തുക നൽകാൻ കഴിയുകയുള്ളൂവെന്നും മെഡിക്കൽ ക്യാമ്പ് നടത്തുന്നതിനായി സ്പെഷ്യൽ ഡോക്ടർമാരെ കിട്ടാതെ വരുന്നതുകൊണ്ടാണ് താമസം നേരിടുന്നതെന്നും അഡീഷണൽ ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ മറുപടി നൽകി.

ബഡ്ജറ്റിൽ അനുവദിച്ച തുക ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് വന്ന് ഭരണാനുമതിയും ലഭിച്ചുവരുമ്പോൾ സാമ്പത്തിക വർഷത്തിന്റെ അവസാന ക്വാർട്ടറാകുകയെന്നത് ഒരു പ്രശ്നമാണെന്നും കാലതാമസം ഒഴിവാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

28. പ്രാന്തപ്രദേശങ്ങളിലേയും വനവാസ മേഖലയിലെയും കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം ലഭിക്കുന്നതിനായി സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് ബഹുതല പഠന കേന്ദ്രങ്ങൾ അഥവാ നൂതന വിദ്യാഭ്യാസ കേന്ദ്രങ്ങൾ. ലൈബ്രറി പുസ്തകങ്ങൾ വാങ്ങുക, പഠനോപകരണങ്ങൾ വാങ്ങുക, ഉച്ചഭക്ഷണത്തിനുള്ള അനിശ്ചിതാവസ്ഥ മാറ്റുക എന്നിവയ്ക്കായി 'ബഹുതല പഠനകേന്ദ്രങ്ങൾ (എം.ജി.എൽ.സി.)' എന്ന ശീർഷകത്തിലെ തുക വിനിയോഗിക്കുന്നുവെന്നും 275 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതിൽ 183.9 ലക്ഷം രൂപ ചെലവഴിച്ചുവെന്നും സമിതി വിലയിരുത്തി.

29. പ്രീ പ്രൈമറി ക്ലാസ്സുകളുടെ നവീകരണവും അടിസ്ഥാന സൗകര്യ വികസനവും ലക്ഷ്യമിട്ടുകൊണ്ട് 2012-13-ൽ ആരംഭിച്ച പദ്ധതിയാണ് 'പ്രീ പ്രൈമറി വിദ്യാഭ്യാസത്തെ നവീകരിക്കുക' എന്നത്. കുട്ടികൾക്ക് അനുയോജ്യമായ ക്ലാസ്സ് മുറികൾ, വിനോദ ഉപാധികൾ തുടങ്ങിയവ പ്രാവർത്തികമാക്കുന്നതിലൂടെ കൂടുതൽ കുട്ടികളെ ക്ലാസ്സുകളിലേക്ക് ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിക്കായി 87 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും ഡിസംബർ മാസത്തോടെ പദ്ധതി നടപ്പിലാക്കുന്നതാണെന്നും സമിതി വിലയിരുത്തി.

2202-01-112-92—വിദ്യാർത്ഥികൾക്ക് പാൽ വിതരണം

30. വിദ്യാഭ്യാസത്തോടൊപ്പം ആരോഗ്യവും എന്നതാണ് 'വിദ്യാർത്ഥികൾക്ക് പാൽ വിതരണം' എന്ന പദ്ധതിയുടെ ലക്ഷ്യം. ഉച്ചഭക്ഷണ പദ്ധതിയിൽ അംഗങ്ങളായ 8-ാം ക്ലാസ്സ് വരെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും ആഴ്ചയിൽ രണ്ട് ദിവസം ക്ലാസ്സുകൾ ആരംഭിക്കുന്നതിന് മുൻപ് 150 മില്ലീ ലിറ്റർ തിളപ്പിച്ച് പഞ്ചസാരയിട്ട പാൽ നൽകുന്ന പദ്ധതിയാണിത്. 28 ലക്ഷത്തിലധികം കുട്ടികൾക്ക് പ്രയോജനം ലഭിക്കുന്ന ഈ പദ്ധതിക്കായി 7400 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതിൽ 1704.01 ലക്ഷം രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ എന്നതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും വിദ്യാർത്ഥികൾക്ക് പാൽ വിതരണം എന്ന പദ്ധതിയുടേയും ഉച്ചഭക്ഷണ പദ്ധതിയുടെയും നടത്തിപ്പ് കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കേണ്ടതാണെന്നും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യർത്ഥികൾക്ക് ഗുണപ്രദമാകണമെങ്കിൽ പ്രസ്തുത പദ്ധതികൾ പരിപൂർണ്ണ മായി പ്രാവർത്തികമാക്കേണ്ടത് ആവശ്യമാണെന്നും അഭിപ്രായപ്പെടുകയും ചെയ്തു.

2202-02-001-85—സ്കൂൾ വിദ്യാഭ്യാസം-നവീകരണം

31. വിദ്യാഭ്യാസ വകുപ്പിന്റെ ഓഫീസ് നവീകരണം; പരീക്ഷാ ഭവന്റെ വിപുലീകരണം; ഡി.ഇ.ഒ., എ.ഇ.ഒ. ഓഫീസുകൾ ശക്തിപ്പെടുത്തൽ; അദ്ധ്യാപക-രക്ഷാകർതൃ സമിതികൾക്കുള്ള പ്രോത്സാഹന സമ്മാനങ്ങൾ എന്നീ പദ്ധതികളാണ് ഈ ശീർഷകത്തിൻകീഴിൽ നടപ്പിലാക്കിവരുന്നത്.

32. പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള ഡയറക്ടറേറ്റ്, ഡെപ്യൂട്ടി ഡയറക്ടറേറ്റ്, ടെസ്റ്റ് ബുക്ക് ഓഫീസുകൾ, ടെസ്റ്റ് ബുക്ക് ഡിപ്പോകൾ, സൂപ്പർ ചെക്ക് ഓഫീസുകൾ എന്നിവ ആധുനിക ഇലക്ട്രോണിക് ഉപകരണങ്ങളുടെ സഹായത്തോടുകൂടി

നവീകരിക്കാൻ ഉദ്ദേശിക്കുന്ന 'വിദ്യാഭ്യാസ വകുപ്പിന്റെ ഓഫീസ് നവീകരണം' എന്ന പദ്ധതിക്കായി 70 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും ജനുവരി മാസത്തോടെ പദ്ധതി നടപ്പിലാക്കുന്നതാണെന്നും സമിതി നിരീക്ഷിച്ചു.

33. നിലവിലുള്ള പരീക്ഷാ ഭവൻ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി എന്നീ 3 പരീക്ഷാ ബോർഡുകളും സംയോജിപ്പിച്ച് ഒരു പൊതു പരീക്ഷാ ബോർഡിന് രൂപം നൽകുവാൻ ഉദ്ദേശിക്കുന്നതായും പരീക്ഷാ ഭവനിൽ ഇപ്പോഴുള്ള ഭൗതിക സാഹചര്യങ്ങളെല്ലാം ഇതിനുവേണ്ടി ഉപയോഗിക്കുന്നതാണെന്നും സമിതി വിലയിരുത്തി. പരീക്ഷാ ഭവനുവേണ്ടി അധികമായി നിർമ്മിച്ച കെട്ടിടത്തിന്റെ അടിസ്ഥാന സൗകര്യ വികസനമാണ് 'പരീക്ഷാ ഭവന്റെ വിപുലീകരണം' എന്ന പദ്ധതിയുടെ ലക്ഷ്യമെന്നും 103 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും സമിതി വിലയിരുത്തി.

34. ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലും മതിയായ കമ്പ്യൂട്ടറുകൾ, ഫോട്ടോ കോപ്പിയറുകൾ, ഫാക്സ് മെഷീനുകൾ, ഫർണീച്ചറുകൾ, ഓഫീസ് സാമഗ്രികൾ, വൈദ്യുതീകരണം, കുടിവെള്ള സൗകര്യം, അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായുള്ള 'ഡി.ഇ.ഒ., എ.ഇ.ഒ. ഓഫീസുകൾ ശക്തിപ്പെടുത്തൽ' എന്ന പദ്ധതിക്ക് 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും പദ്ധതി ഡിസംബർ മാസത്തിൽ നടപ്പിലാക്കുന്നതാണെന്നും സമിതി വിലയിരുത്തി.

35. അദ്ധ്യാപക-രക്ഷാകർതൃ സമിതിയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന അദ്ധ്യാപക-രക്ഷാകർതൃ സമിതികൾക്ക് പ്രോത്സാഹന സമ്മാനങ്ങൾ നൽകുവാൻ 'അദ്ധ്യാപക-രക്ഷാകർതൃ സമിതികൾക്കുള്ള പ്രോത്സാഹന സമ്മാനങ്ങൾ' എന്ന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ഉപജില്ലാ തലത്തിൽ 10,000 രൂപ ക്രമത്തിലും (163 എണ്ണം), ജില്ലാ തലത്തിൽ 25,000 രൂപ ക്രമത്തിലും (38 എണ്ണം), റവന്യൂ ജില്ലാ തലത്തിൽ ഒരു ലക്ഷം രൂപ ക്രമത്തിലും (14 എണ്ണം) പ്രോത്സാഹന സമ്മാനം നൽകാൻ പദ്ധതി ലക്ഷ്യമിടുന്നു. സംസ്ഥാന തലത്തിൽ ഒന്നാം സമ്മാനമായി 5 ലക്ഷം രൂപയും രണ്ടാം സമ്മാനമായി 4 ലക്ഷം രൂപയും മൂന്നാം സമ്മാനമായി 3 ലക്ഷം രൂപയും നാലാം സമ്മാനമായി 2 ലക്ഷം രൂപയും അഞ്ചാം സമ്മാനമായി 1 ലക്ഷം രൂപയും നൽകുന്നതിനായി ലക്ഷ്യമിടുന്ന ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള 90 ലക്ഷം രൂപയും ചെലവഴിച്ചതായി സമിതി വിലയിരുത്തി.

2204-00-800-98—ഭാരത സ്കൗട്ട്സ് ആന്റ് ഗൈഡ്സ്-ധനസഹായം

36. ഭാരത സ്കൗട്ട്സ് ആന്റ് ഗൈഡ്സിന്റെ പതിവ് പരിശീലന പരിപാടികൾ നടത്തുന്നതിനായി അനുവദിച്ച 30 ലക്ഷം രൂപയും ചെലവഴിച്ചുവെന്ന് സമിതി വിലയിരുത്തി.

2204-00-800-90—കായിക പ്രവർത്തനങ്ങൾക്കായി ധനസഹായം

37. ദേശീയ സ്കൂൾ കായിക മേളയിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്ന കുട്ടികൾക്ക് പ്രോത്സാഹനമായി 25,000 രൂപ 20,000 രൂപ 15,000 രൂപ എന്ന ക്രമത്തിൽ അവാർഡുകൾ നൽകുന്ന പദ്ധതിക്കായി 40 ലക്ഷം രൂപ അനുവദിച്ചുവെന്നും ഡിസംബർ മാസത്തോടെ പദ്ധതി നടപ്പിലാക്കുന്നതാണെന്നും സമിതി വിലയിരുത്തി.

## 100% കേന്ദ്രാവിഷ്കൃത പദ്ധതികൾ

2204-00-800-90—വിദ്യാഭ്യാസത്തിനും പരിശീലനത്തിനും ജില്ലാതല ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുക

38. ഒരു റവന്യൂ ജില്ലയിൽ ഒന്ന് എന്ന കണക്കിൽ ഡിസ്ട്രിക്ട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ ആന്റ് ട്രെയിനിംഗ് എന്ന സ്ഥാപനത്തിന്റെ നടത്തിപ്പിനുള്ള കേന്ദ്ര സഹായമായി 2222 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതിൽ 507 ലക്ഷം രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളുവെന്ന് ചൂണ്ടിക്കാട്ടിയ സമിതി ചെലവഴിച്ച തുക വളരെ കുറവാണെന്ന് അഭിപ്രായപ്പെട്ടു.

2235-02-101-95—വികലാംഗർക്കുള്ള ഏകീകൃത വിദ്യാഭ്യാസം

39. ദേശീയ വിദ്യാഭ്യാസ നയത്തിൽ വിഭാവനം ചെയ്തിരിക്കുന്നവിധം ഉപകരണങ്ങൾ വാങ്ങി വികലാംഗരായ കുട്ടികൾക്ക് വിതരണം ചെയ്യുക, നഴ്സറി വിദ്യാഭ്യാസം ആരംഭിക്കുക, മാതാപിതാക്കൾക്ക് ഉപദേശം നൽകുക, അദ്ധ്യാപകർക്ക് ഇൻസർവ്വീസ് പരിശീലനം നൽകുക എന്നിവയാണ് 'വികലാംഗർക്കുള്ള ഏകീകൃത വിദ്യാഭ്യാസം' എന്ന പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. കൂടാതെ 400 രൂപാ നിരക്കിൽ പുസ്തകങ്ങളും സ്റ്റേഷനറി സാധനങ്ങളും വാങ്ങുന്നതിനുള്ള അലവൻസ്, 200 രൂപാ നിരക്കിൽ യൂണിഫോം അലവൻസ്, 750 രൂപാ നിരക്കിൽ അകമ്പടി പോകുന്നവരുടെ ചെലവ്, 500 രൂപാ നിരക്കിൽ യാത്രാ ചെലവ്, 500 രൂപാ നിരക്കിൽ റീഡിംഗ് അലവൻസ് എന്നിവയും നൽകിവരുന്നു. പദ്ധതിക്കായി 2904.82 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതിൽ 947.94 ലക്ഷം രൂപ ചെലവഴിച്ചുവെന്ന് വിലയിരുത്തിയ സമിതി ഫണ്ട് ചെലവഴിക്കുന്നതിനുള്ള കാലാവധി അവസാനിക്കാറായിട്ടും 9 കോടി രൂപ മാത്രമേ ചെലവാക്കിയിട്ടുള്ളുവെന്ന് ചൂണ്ടിക്കാട്ടി.

2202-80-800-75—മദ്രസ വിദ്യാഭ്യാസം നവീകരിക്കൽ

40. മദ്രസകളിലെ 2 പ്രൈമറി അദ്ധ്യാപകരിൽ ഒരാൾക്ക് 3,000 രൂപ വച്ച് ഒരു വർഷത്തേക്കുള്ള ശമ്പളവും ബുക്ക് ബാങ്കുകൾ സജ്ജമാക്കുകയുമാണ് 'മദ്രസ വിദ്യാഭ്യാസം നവീകരിക്കൽ' എന്ന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഇതിനായി 3928 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതിൽ 3181.66 ലക്ഷം രൂപ ചെലവഴിച്ചതായി സമിതി വിലയിരുത്തി.

2202-02-107-92—മീൻസ്-കം-മെരിറ്റ് സ്കോളർഷിപ്പ്-സ്കോളർഷിപ്പുകളും-സ്റ്റൈപ്പന്റുകളും

41. അർഹത നേടുന്ന വിദ്യാർത്ഥിക്ക് പ്രസ്തുത സ്കോളർഷിപ്പ് 9-ാം ക്ലാസ്സു മുതൽ 12-ാം ക്ലാസ്സുവരെ ലഭിക്കുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ അക്കൗണ്ടിലേക്ക് പ്രതിവർഷം 6,000 രൂപ എന്ന ക്രമത്തിൽ (1500×4) ആകെ 24,000 രൂപ ഒരു വിദ്യാർത്ഥിക്ക് ആനുകൂല്യമായി ലഭിക്കുന്നു. സംസ്ഥാന ഗവൺമെന്റ് സമർപ്പിക്കുന്ന ലിസ്റ്റിൽ നിന്നും ഉയർന്ന മാർക്കുള്ള കുട്ടികളെ പ്രതിവർഷം ഇതിനായി തെരഞ്ഞെടുക്കുന്നു. അർഹരായ വിദ്യാർത്ഥികൾക്കുള്ള ഈ തുക കേന്ദ്ര മാനവശേഷി വികസന വകുപ്പ് നേരിട്ട് അവരവരുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നു.

42. ഈ പദ്ധതിക്കായി 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്ന് മാത്രമേ പറഞ്ഞിട്ടുള്ളു എന്ന് സമിതി ചൂണ്ടിക്കാട്ടി. ഇത് ഡയറക്ട് പേയ്മെന്റാണെന്നും കേന്ദ്ര മാനവശേഷി വികസന വകുപ്പ് നേരിട്ട് കുട്ടികളുടെ അക്കൗണ്ടിൽ നിക്ഷേപിക്കുകയാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വിശദീകരിച്ചു. ഈ പദ്ധതിക്കായി ഡി.പി.ഐ. നൽകുന്ന കുട്ടികളുടെ ലിസ്റ്റിൽനിന്നും എത്ര കുട്ടികൾക്ക് എം.എച്ച്.ആർ. ഡി. തുക കൊടുത്തുവെന്നും അവർക്ക് നൽകിയ തുക എത്രയാണെന്നും എത്ര രൂപ ചെലവഴിച്ചു എന്നുമുള്ള വിശദാംശങ്ങൾകൂടി ലഭ്യമാക്കണമായിരുന്നുവെന്ന് സമിതി അഭിപ്രായപ്പെട്ടു.

2202-02-107-91—സെക്കണ്ടറി വിദ്യാഭ്യാസ തലത്തിൽ വിദ്യാർത്ഥിനികൾക്കുള്ള ഇൻസെന്റീവ്

43. ഒൻപതാം സ്റ്റാന്റേർഡിൽ പഠിക്കുന്ന വിവാഹിതരാകാത്ത 16 വയസ്സിന് താഴെയുള്ള എല്ലാ എസ്.സി./എസ്.ടി. പെൺകുട്ടികൾക്കും, കസ്തൂർബാ ഗാന്ധി വിദ്യാലയത്തിൽ നിന്നും 8-ാം ക്ലാസ് പാസ്സായ ശേഷം ഈ അദ്ധ്യയന വർഷത്തിൽ ഏതെങ്കിലും ഗവ./എയ്ഡഡ് വിദ്യാലയങ്ങളിൽ പഠിക്കുന്ന എല്ലാ വിദ്യാർത്ഥിനികൾക്കും എസ്.സി./എസ്.ടി. ഭേദമന്യേ ഈ സ്കോളർഷിപ്പ് നൽകുന്നതാണ്. അർഹരായ ഓരോ വിദ്യാർത്ഥിനിയുടേയും പേരിൽ ബാങ്കിൽ നിക്ഷേപിക്കുന്ന സ്കോളർഷിപ്പ് തുകയായ 3,000 രൂപ 18 വയസ്സ് പൂർത്തിയാകുകയും പത്താം ക്ലാസ്സ് വിജയിക്കുകയും ചെയ്യുമ്പോൾ തിരിച്ചെടുക്കാവുന്നതാണ്. വിദ്യാർത്ഥിനികൾക്കുള്ള ഈ തുക കേന്ദ്ര മാനവശേഷി വികസന വകുപ്പ് നേരിട്ട് അവരവരുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നു. 700 ലക്ഷം രൂപയാണ് ഈ ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്.

44. പതിനാറ് വയസ്സിൽ വിവാഹം കഴിക്കാൻ പാടില്ല എന്ന നിയമം ഉള്ളപ്പോൾ വിവാഹിതരാകാത്ത 16 വയസ്സിൽ താഴെയുള്ള പെൺകുട്ടികൾ എന്ന പരാമർശം മാറ്റണമെന്ന് സമിതി നിർദ്ദേശിച്ചു.

2202-02-800-51-35—സ്വകാര്യ എയ്ഡഡ്/അൺഎയ്ഡഡ് ന്യൂനപക്ഷ സ്ഥാപനങ്ങളിലെ അടിസ്ഥാനസൗകര്യ വികസനം (ഐ.ഡി.എം.ഐ.)

45. ന്യൂനപക്ഷ സമുദായങ്ങൾ നടത്തുന്ന അംഗീകൃത എയ്ഡഡ്/അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിടുന്ന ഈ പദ്ധതിക്കായി 3047 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ സഹായം ലഭിക്കുന്ന പദ്ധതികൾക്ക് അയയ്ക്കുന്ന അപേക്ഷകൾ സംസ്ഥാന തലത്തിൽ ആവശ്യമുള്ള പരിശോധന നടത്താതെ പോകുന്നത് ശരിയല്ല എന്ന് സമിതി അഭിപ്രായപ്പെട്ടു. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കൊന്നും തുക ചെലവഴിച്ച വിശദാംശങ്ങൾ നൽകിയിട്ടില്ലെന്ന് സമിതി നിരീക്ഷിച്ചു.

## 90% കേന്ദ്രാവിഷ്കൃത പദ്ധതി

2202-01-101-81—സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം കുട്ടികളുടെ അവകാശം

46. വിദ്യാർത്ഥികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ഉറപ്പാക്കുന്ന വിദ്യാഭ്യാസ അവകാശ നിയമം, 2009 അനുസരിച്ച് 6 മുതൽ 14

വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവുമായ പ്രാഥമിക വിദ്യാഭ്യാസമാണ് പ്രസ്തുത പദ്ധതി ലക്ഷ്യമിടുന്നത്. ഇതിനായി 17,000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

### 75% കേന്ദ്രാവിഷ്കൃത പദ്ധതി

2202-02-107-93-12—ന്യൂനപക്ഷ വിഭാഗത്തിലെ പ്രീമെട്രിക് വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്

47. വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ താഴെയുള്ളവരും കഴിഞ്ഞ വാർഷിക പരീക്ഷയിൽ 50 ശതമാനമോ അതിനു മുകളിലോ മാർക്ക് ലഭിക്കുകയും ചെയ്ത വിദ്യാർത്ഥികളിൽനിന്നുമാണ് ഈ സ്കോളർഷിപ്പിന് അർഹരായവരെ തെരഞ്ഞെടുക്കുന്നത്. ഒരു കുട്ടിക്ക് 1000 രൂപയാണ് സ്കോളർഷിപ്പ് തുക. 8,700 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് ധനകാര്യവകുപ്പിന്റെ പരിഗണനയിലാണെന്ന് സമിതി വിലയിരുത്തി.

### 50% കേന്ദ്രാവിഷ്കൃത പദ്ധതി

2202-02-109-72—രാഷ്ട്രീയ മാധ്യമിക ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ.)

48. സമൂഹത്തിൽ സാമ്പത്തികവും വിദ്യാഭ്യാസപരവുമായി പിന്നോക്കം നിൽക്കുന്ന 14 വയസ്സിനും 18 വയസ്സിനും ഇടയിൽ പ്രായമുള്ള കുട്ടികൾക്ക് സെക്കന്ററി തലത്തിൽ ഗുണനിലവാരമുള്ള വിദ്യാഭ്യാസം പ്രാപ്യവും, താങ്ങാൻ പറ്റാവുന്നതുമാക്കുക, പ്രവേശനം, നീതി, ഗുണമേന്മ എന്നിവ ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളോടെ ആരംഭിച്ച പദ്ധതിയാണ് രാഷ്ട്രീയ മാധ്യമിക ശിക്ഷാ അഭിയാൻ. പുതിയ സെക്കന്ററി സ്കൂളുകൾ ആരംഭിക്കുക, നിലവിലുള്ള സ്കൂളുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക എന്നിവ ലക്ഷ്യമിടുന്ന ഈ പദ്ധതിക്കായി 3000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണെന്ന് സമിതി വിലയിരുത്തി.

### ഹയർ സെക്കന്ററി വിദ്യാഭ്യാസം (എച്ച്.എസ്.ഇ.)

49. 2013-14 സാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതികൾക്കായി ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിന് ആകെ 7190 ലക്ഷം രൂപയാണ് സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. പദ്ധതികളുടെ വിശദാംശങ്ങൾ സമിതി പരിശോധിച്ചു.

2202-02-109-74—വിദ്യാർത്ഥി കേന്ദ്രീകൃത പദ്ധതികൾ

50. ഹയർ സെക്കന്ററി സ്കൂളുകളിലെ കരിയർ ഗൈഡൻസ് യൂണിറ്റുകൾ, സൗഹൃദ ക്ലാസുകൾ, പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കായുള്ള പ്രത്യേക പരിശീലനം എന്നിവ ലക്ഷ്യമിടുന്ന പ്രസ്തുത പദ്ധതിക്കായി 400 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്നും അതിൽ 314 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ടെന്നും സമിതി വിലയിരുത്തി.

2202-02-105-95—ഫാക്കൽറ്റി വികസനം ഉൾപ്പെടുന്ന വിദ്യാഭ്യാസ പരിപാടി

51. ഹയർ സെക്കന്ററി അദ്ധ്യാപകരുടെ പരിശീലനം വിഭാവനം ചെയ്യുന്ന പദ്ധതിക്കായി 500 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 475 ലക്ഷം രൂപ ചെലവഴിച്ചു. ഈ പദ്ധതി പ്രകാരം 1200 അദ്ധ്യാപകർക്ക് മാനേജ്മെന്റ് പരിശീലനം നൽകുകയുണ്ടായെന്ന് സമിതി വിലയിരുത്തി.

2202-02-107-94—ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്

52. പഠനത്തിൽ മികവ് പുലർത്തുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്ന ഈ പദ്ധതിക്കായി 600 ലക്ഷം രൂപ അനുവദിച്ചതായും 516 ലക്ഷം രൂപ ചെലവഴിച്ചതായും സമിതി നിരീക്ഷിച്ചു. സ്കോളർഷിപ്പിനായി കുട്ടികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സമിതി ആരാഞ്ഞതിന് മറുപടിയായി പ്രിൻസിപ്പൽ ചെയർമാനും പി.ടി.എ. പ്രസിഡന്റും മറ്റ് അംഗങ്ങളും അടങ്ങിയ ഒരു സെലക്ഷൻ കമ്മിറ്റി ഇതിനുണ്ടെന്നും ബി.പി.എൽ. കുടുംബത്തിൽപ്പെട്ട കുട്ടികളെ മെറിറ്റിന്റെ അടിസ്ഥാനത്തിൽ ഈ കമ്മിറ്റി തെരഞ്ഞെടുക്കുമെന്നും അതിൽ 10320 കുട്ടികൾക്ക് സ്കോളർഷിപ്പ് വിതരണം ചെയ്തിട്ടുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അറിയിച്ചു.

2202-02-109-73—ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിന്റെ നവീകരണം

53. ഹയർ സെക്കന്ററി ഡയറക്ടറേറ്റിന്റെയും റീജിയണൽ ഓഫീസുകളുടേയും നവീകരണം ലക്ഷ്യമിടുന്ന ഈ പദ്ധതിക്കായി 90 ലക്ഷം രൂപയിൽ 25 ലക്ഷം രൂപ ചെലവഴിച്ചുവെന്ന് സമിതി വിലയിരുത്തി.

4202-01-202-91—ഗവ. ഹയർ സെക്കന്ററി സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസനം

54. സംസ്ഥാനത്തെ 39 സർക്കാർ ഹയർ സെക്കന്ററി സ്കൂളുകൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനാണ് പ്രസ്തുത ശീർഷകത്തിൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ളത്. ടി തുക കൈകാര്യം ചെയ്യുന്ന പൊതുമരാമത്ത് വകുപ്പിനോട് നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി തുടങ്ങുവാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അറിയിച്ചു. പ്രവർത്തന പുരോഗതി പൊതുമരാമത്ത് വകുപ്പിനോട് ആരായണമെന്ന് നിർദ്ദേശിച്ച സമിതി പ്രസ്തുത പദ്ധതിക്കായി 5,600 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും ഭരണാനുമതി നൽകിക്കഴിഞ്ഞുവെന്നും വിലയിരുത്തി.

## വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം (വി.എച്ച്.എസ്.സി.)

55. പ്ലസ് ടു തലത്തിലുള്ള വിദ്യാർത്ഥികൾക്ക് നേരിട്ടുള്ള വ്യക്തിഗത തൊഴിൽ സാധ്യതയും കഴിവുകളും വർദ്ധിപ്പിക്കുക എന്നതാണ് വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. 2013-14 സാമ്പത്തിക വർഷത്തിൽ വൊക്കേഷണൽ ഹയർ സെക്കന്ററി വകുപ്പിന് വിവിധ പദ്ധതികൾക്കായി 1000 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇതു സംബന്ധിച്ച വിശദാംശങ്ങൾ സമിതി പരിശോധിച്ചു.

2202-02-001-95-34—മറ്റു ചെലവുകൾ

56. വിദ്യാർത്ഥികൾക്ക് തൊഴിൽ പരിശീലനം നൽകുന്ന ഓൺ ദി ജോബ് ട്രെയിനിംഗ് (ഒ.ജെ.ടി.), വൊക്കേഷണൽ വിഷയങ്ങളുടെ കരിക്കുലം പരിഷ്കരിക്കുന്നതിനുള്ള ഡെവലപ്മെന്റ് ഓഫ് ഇവാലുവേഷൻ സ്ട്രാറ്റജി എന്ന പദ്ധതി, വിദ്യാർത്ഥികൾക്ക് പ്രിന്റിംഗിൽ പരിശീലനം നൽകുന്നതിനും, അതിനായി പ്രിന്റിംഗ് മെഷീൻ വാങ്ങുന്ന തിനുള്ള മോഡേണൈസേഷൻ ഓഫ് പ്രിന്റിംഗ് ടെക്നോളജി, വിദ്യാർത്ഥികളുടെ വ്യക്തിത്വ വികസന പരിപാടികളായ കരിയർ ഗൈഡൻസ്, ആരോഗ്യ പരിപാലനം തുടങ്ങിയവ ഉൾക്കൊള്ളുന്ന സ്റ്റുഡൻസ് സെൻട്രിക് പ്രോഗ്രാം എന്നീ പദ്ധതികൾക്കാണ് പ്രസ്തുത ശീർഷകത്തിൽ തുക വകയിരുത്തിയിട്ടുള്ളതെന്നും ഇതിനായി അനുവദിച്ചിട്ടുള്ള 600 ലക്ഷം രൂപയിൽ 210 ലക്ഷം രൂപ ചെലവഴിച്ചതായും സമിതി വിലയിരുത്തി.

57. ഓൺ ദി ജോബ് ട്രെയിനിംഗ് എന്താണ് എന്ന് സമിതി ആരാഞ്ഞതിന് രണ്ടാം വർഷം അവസാനമാകുമ്പോൾ കോഴ്സിൽ പ്രാവീണ്യം നേടുന്നതിനുവേണ്ടി കൊടുക്കുന്ന 10 ദിവസം നീണ്ടുനിൽക്കുന്ന തുടർച്ചയായ സ്പെഷ്യൽ ട്രെയിനിംഗ് ആണ് ഇതെന്നും ഇൻഡസ്ട്രിയൽ ട്രെയിനിംഗ് വേണ്ടവർക്കും ഫീൽഡ് ട്രെയിനിംഗ് വേണ്ടവർക്കും ആയത് പ്രത്യേകം പ്രത്യേകമായാണ് നൽകുന്നതെന്നും വി.എച്ച്.എസ്.ഇ. ഡയറക്ടർ അറിയിച്ചു.

4202-01-202-91—ഗവ. ഹയർ സെക്കന്ററി സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസനം

58. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ കെട്ടിടങ്ങൾ നിർമ്മിക്കുന്ന തിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി 400 ലക്ഷം രൂപ അനുവദിച്ചിട്ടു ണ്ടെന്നും ഭരണാനുമതി നൽകിക്കഴിഞ്ഞതായും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് പൊതുമരാമത്ത് വകുപ്പാണ് എന്നും സമിതി വിലയിരുത്തി.

## എസ്.സി.ഇ.ആർ.ടി.

59. പ്രീ-സ്കൂൾ മുതൽ ഹയർ സെക്കന്ററി തലംവരെയുള്ള എല്ലാ അക്കാദമിക് പദ്ധതികളുടെയും ആസൂത്രണം, നടപ്പിലാക്കൽ, വിലയിരുത്തൽ എന്നിവ സംക്ഷിപ്ത മായിരിക്കുന്ന ഒരു സ്വയംഭരണ സ്ഥാപനമാണ് സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷൻ റിസേർച്ച് ആന്റ് ട്രെയിനിംഗ്. പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിച്ചിരുന്ന സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ (എസ്.ഐ.ഇ.) ആണ് സംസ്ഥാനത്ത് സ്കൂൾ വിദ്യാഭ്യാസത്തിന് പുതിയ ശക്തിയും ലക്ഷ്യവും നൽകുക എന്ന ലക്ഷ്യത്തോടെ എസ്.സി.ഇ.ആർ.ടി. ആയി പരിവർത്തനം ചെയ്യപ്പെട്ടത്. 2013-14 സാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതികൾക്കായി എസ്.സി.ഇ.ആർ.ടി. ക്ക് ആകെ 900 ലക്ഷം രൂപയാണ് സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇതു സംബന്ധിച്ച വിശദാംശങ്ങൾ സമിതി പരിശോധിച്ചു.

2202-80-004-91-36—സഹായധനം-ശമ്പളേതരം

60. പാഠപുസ്തക പരിഷ്കരണം, സ്കോളർഷിപ്പ് പരീക്ഷകൾ നടപ്പിലാക്കുക, അധ്യാപകർക്കുള്ള കൈപ്പുസ്തകങ്ങൾ, വിഭവ സിഡികൾ, അദ്ധ്യാപക പരിശീലനം,

ഗണിതശാസ്ത്ര പഠനം ഫലപ്രദമാക്കുന്നതിനുള്ള ന്യൂമാത്സ് പദ്ധതി, കാഴ്ച സംബന്ധമായ വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സോഫ്റ്റ്‌വെയർ തയ്യാറാക്കൽ എന്നീ പദ്ധതികൾക്കുവേണ്ടി എസ്. സി. ഇ. ആർ. ടി. ക്ക് വകയിരുത്തിയിരിക്കുന്ന 900 ലക്ഷം രൂപയിൽ 311 ലക്ഷം രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളുവെന്ന് സമിതി വിലയിരുത്തി.

## കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി

61. നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുക എന്ന ലക്ഷ്യത്തോടെ പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്വയംഭരണ സ്ഥാപനമാണ് കേരള സംസ്ഥാന സാക്ഷരതാ മിഷൻ. കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി യുടെ നേതൃത്വത്തിൽ നടന്നുവരുന്ന സാക്ഷരതാ-തുടർവിദ്യാഭ്യാസ പരിപാടി 15 വർഷം പൂർത്തീകരിച്ചു. സമ്പൂർണ്ണ സാക്ഷരത കൈവരിച്ചുവെങ്കിലും സംസ്ഥാന ത്തിന്റെ വിവിധ ജില്ലകളിൽ ഇനിയും അവശേഷിക്കുന്ന നഗര-ചേരി, ആദിവാസി മേഖല, തീരദേശമേഖല, ഭാഷാന്യൂനപക്ഷ പ്രദേശം എന്നിവിടങ്ങളിലുള്ള നിരക്ഷരരെകൂടി സാക്ഷരരാക്കുന്നതിനുള്ള പ്രത്യേക പരിപാടികൾ കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി നടപ്പിലാക്കിവരുന്നു. 2013-14 സാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതി കൾക്കായി കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിക്ക് ആകെ 1600 ലക്ഷം രൂപയാണ് സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്.

2202-04-103-98-31—സഹായധനം-ശമ്പളം

62. ജില്ലാ സംസ്ഥാനതല തുടർവിദ്യാഭ്യാസ കലോത്സവങ്ങൾ, അദ്ധ്യാപക പരിശീലനങ്ങൾ, പ്രേരക് പരിശീലനങ്ങൾ, സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായ അതുല്യം പദ്ധതി, ഹയർ സെക്കന്ററി തുല്യതാ പരിപാടി, ദേശീയ പരിശീലന കേന്ദ്രത്തിന്റെ അടിസ്ഥാന വികസനം, അക്ഷര ലക്ഷം, ആദിവാസി സാക്ഷരത എന്നിവയ്ക്കായി 1600 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതിൽ 430.62 ലക്ഷം രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളുവെന്ന് സമിതി വിലയിരുത്തി.

## സർവ്വ ശിക്ഷാ അഭിയാൻ (എസ്.എസ്.എ.)

63. 'സർവ്വരും പഠിക്കുക സർവ്വരും വളരുക' എന്ന ആപ്തവാക്യം പ്രാവർത്തി ക മാക്കുവാനായി പ്രാഥമിക വിദ്യാഭ്യാസം സാർവ്വത്രികമാക്കുക എന്ന ലക്ഷ്യത്തോടെ 2000-2001-ൽ കേന്ദ്ര സർക്കാർ നടപ്പിലാക്കിയ അമൂല്യമായ ഉദ്യമമാണ് സർവ്വശിക്ഷാ അഭിയാൻ. 2010-ഓടുകൂടി 6 നും 14നും ഇടയിൽ പ്രായമുള്ള എല്ലാ കുട്ടികൾക്കും പ്രാഥമിക വിദ്യാഭ്യാസം ലഭ്യമാക്കുവാനായാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്തിരുന്നത്. പ്രാഥമിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം സമൂഹത്തിലെ ഓരോ വ്യക്തിയിലേക്കും എത്തിക്കുന്നതിലൂടെ എല്ലാവർക്കും അടിസ്ഥാന വിദ്യാഭ്യാസം നൽകുന്നതിനും സാമൂഹിക നീതിയും സമത്വവും ഉറപ്പാക്കുവാനും ജീവിത നിലവാരം മെച്ചപ്പെടുത്തുവാനും കഴിയും. വിവിധ പദ്ധതികൾക്കായി സർവ്വശിക്ഷാ അഭിയാന് 2013-14 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ബഡ്ജറ്റിൽ 600 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്ന് സമിതി വിലയിരുത്തി.

2202-01-111-99—സർവ്വ ശിക്ഷാ അഭിയാൻ

64. എല്ലാ ഇംഗ്ലീഷ് അദ്ധ്യാപകരേയും ബ്രിട്ടീഷ് കൗൺസിൽ മുഖേന പരിശീലിപ്പിക്കുക, സൗജന്യ പാഠപുസ്തക വിതരണം, സൗജന്യ യൂണിഫോം വിതരണം, കമ്മ്യൂണിറ്റി മൊബലൈസേഷൻ ആന്റ് ഓറിയന്റേഷൻ പ്രോഗ്രാം, കമ്പ്യൂട്ടർ എയിഡഡ് ലേണിംഗ്, പെൺകുട്ടികളുടെ വിദ്യാഭ്യാസം, ന്യൂനപക്ഷ വിദ്യാഭ്യാസം എന്നിവയാണ് സർവ്വ ശിക്ഷാ അഭിയാൻ നടപ്പിലാക്കുന്ന പദ്ധതികളെന്നും ഇവയ്ക്കായി 600 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതിൽ 140 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ടെന്നും സമിതി വിലയിരുത്തി.

## സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ മാനേജ്മെന്റ് ആന്റ് ട്രെയിനിംഗ് (സീമാറ്റ്)

65. വിദ്യാഭ്യാസ നിലവാരം ഉയർത്തുക, വിദ്യാഭ്യാസ മേഖലയിലെ ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കുക, നൂതന മാതൃകയിലുള്ള മാനേജ്മെന്റ് സംവിധാനം രൂപപ്പെടുത്തുക, സ്കൂൾ വിദ്യാഭ്യാസ തലത്തിൽ ആസൂത്രണ പരിഷ്കാരങ്ങൾ ശിപാർശ ചെയ്യുക കൂടാതെ സർക്കാർ ചുമതലപ്പെടുത്തുന്ന പദ്ധതികൾ നടപ്പിലാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ പ്രവർത്തനം ആരംഭിച്ച സ്ഥാപനമാണ് സീമാറ്റ്-കേരള. 2013-14 സാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതികൾക്കായി സീമാറ്റിന് സംസ്ഥാന ബഡ്ജറ്റിൽ 250 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

2202-80-004-89—സീമാറ്റ്

66. സീമാറ്റ് കേരളയെ സെന്റർ ഓഫ് എക്സലൻസ് (മികവിന്റെ കേന്ദ്രം) ആയി ഉയർത്തുന്നതിന്റെ ഒന്നാം ഘട്ടം, നിയമസഭാ മണ്ഡലങ്ങളിൽ സമഗ്രവികസന പദ്ധതി, സ്കൂളുകളിലെ പ്രഥമാധ്യാപകർക്കും പ്രിൻസിപ്പൽമാർക്കും പ്രത്യേക മാനേജ്മെന്റ് പരിശീലനം, അന്തർദേശീയ ജേർണൽ പ്രസിദ്ധീകരണം, അന്തർദേശീയ സെമിനാർ, പി.ജി./ഡിപ്ലോമ കോഴ്സുകൾ ആരംഭിക്കുക എന്നീ പദ്ധതികൾക്കായി 250 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതിൽ 135 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കിയ സമിതി സീമാറ്റിന് അനുവദിച്ച 250 ലക്ഷം രൂപയിൽ ചെലവഴിച്ച തായിപ്പറയുന്ന 135 ലക്ഷം രൂപ ഏതൊക്കെ പദ്ധതികൾക്കായി എപ്രകാരം ചെലവഴിച്ചു വെന്ന് ആരാഞ്ഞു. വി.എച്ച്.എസ്.സി. പ്രിൻസിപ്പൽമാർക്ക് ട്രെയിനിംഗ് കൊടുത്തു കഴിഞ്ഞുവെന്നും പ്രൊമോഷൻ ലഭിച്ച് പുതിയതായി എച്ച്.എം. ആയവർക്ക് ട്രെയിനിംഗ് നടക്കുന്നുവെന്നും 45 മണ്ഡലങ്ങളിൽ സമഗ്ര വിദ്യാഭ്യാസ പരിപാടി നടക്കുന്നുണ്ടെന്നും പ്രൈമറി സ്കൂൾ മുതൽ ഹയർ സെക്കന്ററി വരെയുള്ളവർക്ക് ഈ പ്രോജക്ട് പരിചയപ്പെടുത്തുകയും ഇതോടൊപ്പം മാനേജ്മെന്റ് ട്രെയിനിംഗ് നൽകുകയും ചെയ്യുന്നുവെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അറിയിച്ചു.

67. 2013-14 സാമ്പത്തിക വർഷം പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ മൊത്തത്തിൽ അവലോകനം ചെയ്ത സമിതി ഡിസംബർ മാസമായിട്ടും പല പദ്ധതികൾക്കും ഭരണാനുമതി നൽകുക മാത്രമേ ചെയ്തിട്ടുള്ളൂ എന്നതിനാൽ ഈ സാമ്പത്തിക വർഷംതന്നെ പദ്ധതികൾ പ്രാവർത്തികമാകുമോ എന്നതിൽ സംശയം പ്രകടിപ്പിച്ചു. സംസ്ഥാന പദ്ധതിയിനത്തിലും കേന്ദ്രാവിഷ്കൃത പദ്ധതിയിനത്തിലും

വകയിരുത്തിയിരിക്കുന്ന തുക യഥാവിധി ചെലവഴിക്കാതെ പോയിട്ടുണ്ടെന്നും സാമ്പത്തിക വർഷത്തിന്റെ അവസാനപാദത്തിൽ ഏറെക്കുറെ ചെലവഴിക്കുവാൻ കഴിയുമെങ്കിലും കേന്ദ്രാവിഷ്കൃത ഫണ്ട് വിനിയോഗം തൃപ്തികരമല്ലെന്നും സമിതി അഭിപ്രായപ്പെട്ടു. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് അനുവദിച്ച തുക ചെലവഴിച്ചതു സംബന്ധിച്ച വിശദാംശങ്ങൾ പൊതു വിദ്യാഭ്യാസ വകുപ്പ് നൽകിയിട്ടില്ലെന്ന് സമിതി നിരീക്ഷിച്ചു. സംസ്ഥാന പദ്ധതിയിനങ്ങളിലും അനുവദിച്ച ഫണ്ട് വിനിയോഗിക്കുന്നതിൽ പോരായ്മയുണ്ടെന്ന് സമിതി വിലയിരുത്തി.

## ശിപാർശകൾ

68. സർക്കാർ സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയാണ് കുട്ടികൾ അൺഎയ്ഡഡ് സ്കൂളുകളിലേക്ക് മാറിപ്പോകുന്നതിനുള്ള പ്രധാന കാരണം. വിദ്യാഭ്യാസ അവകാശ നിയമത്തിൽ പ്രതിപാദിക്കുന്നതുപോലുള്ള അടിസ്ഥാന സൗകര്യ വികസനത്തിലൂടെ ഈ കൂടുമാറ്റം ഒരു പരിധിവരെ കുറയ്ക്കാനാകുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ എല്ലാ സർക്കാർ സ്കൂളുകളിലും ടോയ്‌ലറ്റ്, മൂത്രപ്പുര, കുടിവെള്ളം, വൈദ്യുതി, ആധുനികവൽക്കരിച്ച അടുക്കള എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്നും നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ സംരക്ഷിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

69. അംഗൻവാടികളുടെ സഹായത്തോടെ പ്രീപ്രൈമറി വിദ്യാഭ്യാസം കൂടുതൽ സർക്കാർ സ്കൂളുകളിൽ ആരംഭിക്കണമെന്നും പ്രീപ്രൈമറി വിദ്യാഭ്യാസം കാര്യക്ഷമമായി നടപ്പിലാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

70. ലോവർ പ്രൈമറി, അപ്പർ പ്രൈമറി തലങ്ങളിൽ കുട്ടികൾ കൊഴിഞ്ഞു പോകുന്ന പ്രവണത തടയുന്നതിനായി കൂടുതൽ ഇംഗ്ലീഷ് മീഡിയം ക്ലാസുകൾ തുടങ്ങുന്ന തുൾപ്പെടെയുള്ള പദ്ധതികൾ ആവിഷ്കരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

71. ബഹുതല പഠനകേന്ദ്രങ്ങൾ (എം.ജി.എൽ.സി.) എൽ.പി. സ്കൂളുകളായി ഉയർത്തുമ്പോൾ ഈ രംഗത്ത് വർഷങ്ങളായി ജോലി ചെയ്യുന്നവരെയും വിദ്യാർത്ഥികളുടെ എണ്ണക്കുറവ് കാരണം എൽ.പി. സ്കൂളുകളായി ഉയർത്താൻ കഴിയാത്ത എം.ജി.എൽ.സി. കളെയും നിലനിർത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

72. അംഗവൈകല്യമുള്ള കുട്ടികൾക്കുള്ള ധനസഹായ പദ്ധതി പ്രത്യേക ശ്രദ്ധ അർഹിക്കുന്നതാകയാൽ ബഡ്ജറ്റിൽ അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിക്കണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു.

73. മാനസികമായ വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളെ പരിചരിക്കുന്ന സ്ഥാപനങ്ങൾക്കുള്ള ധനസഹായ പദ്ധതി എത്രയും വേഗം നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

74. സ്കൂളുകളുടെ പ്രവൃത്തി പരിശീലന പരിപാടി എന്ന പദ്ധതി പൂർണ്ണമായി പ്രാവർത്തികമാക്കുന്നതിനായി ആവശ്യമായ സ്പെഷ്യൽ ടീച്ചർമാരെ നിയമിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

75. സംസ്ഥാന സാക്ഷരതാ മിഷൻ പ്രേരക്, അസിസ്റ്റന്റ് പ്രേരക് എന്നിവരുടെ ഓണറേറിയം വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

76. വിവിധ മേളകൾ വെവ്വേറെ നടത്തുന്നതിനാൽ മേളകൾ പൂർത്തീകരിക്കുന്നതിന് മൂന്നുമാസം വരെ സമയം എടുക്കുന്നുണ്ടെന്നും ഇത് അദ്ധ്യയന ദിവസങ്ങൾ നഷ്ടപ്പെടുത്തുന്നതിന് ഇടയാക്കുന്നതായും സമിതി നിരീക്ഷിച്ചു. ആയതിനാൽ സമാന സ്വഭാവമുള്ള മേളകൾ ഏകീകരിച്ച് നടത്തുവാൻവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

77. സബ്ജില്ലാ കലോത്സവങ്ങളുടെ ചെലവ് വർഷംതോറും വർദ്ധിച്ചുവരുന്നതായും ഇതിനായി വിദ്യാർത്ഥികളിൽനിന്നും പിരിക്കുന്ന തുകയും സർക്കാർ വിഹിതവും തികയാതെ വരുന്നതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ സബ്ജില്ലാ കലോത്സവങ്ങൾക്കുള്ള സർക്കാർ വിഹിതം കാലാനുസൃതമായി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

78. കലയിൽ വൈഭവമുള്ള നിർദ്ധനരായ വിദ്യാർത്ഥികൾക്ക് ധനസഹായം എന്ന പദ്ധതിയിൽ നൃത്ത നൃത്യങ്ങളോടൊപ്പം രചനാത്മകവും സർഗ്ഗാത്മകവുമായ കഴിവ് തെളിയിക്കുന്ന പ്രതിഭകളെകൂടി ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

79. 'പ്രത്യേക അദ്ധ്യാപക പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങൽ (വിഭിന്നശേഷിയുള്ള കുട്ടികൾക്ക്)' പദ്ധതി കൂടുതൽ സ്പെഷ്യൽ സ്കൂളുകളിൽ തുടങ്ങണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

80. മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പ് എന്ന കേന്ദ്രാവിഷ്കൃത പദ്ധതിക്കായി ഡി.പി.ഐ. നൽകുന്ന കുട്ടികളുടെ ലിസ്റ്റിൽനിന്നും എത്രപേർക്ക് തുക ലഭിച്ചുവെന്നും എത്ര തുകയാണ് ലഭിച്ചതെന്നും പദ്ധതിക്ക് അനുവദിച്ച തുകയിൽനിന്നും എത്ര രൂപ ചെലവഴിച്ചു എന്നുമുള്ള വിശദാംശങ്ങൾ ഡി.പി.ഐ. പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

81. സെക്കണ്ടറി വിദ്യാഭ്യാസ തലത്തിൽ വിദ്യാർത്ഥികൾക്കുള്ള ഇൻസെന്റീവ് എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡത്തിൽ 16 വയസ്സിൽ വിവാഹം കഴിക്കാൻ പാടില്ല എന്ന നിയമം ഉള്ളപ്പോൾ 'വിവാഹിതരാകാത്ത' 16 വയസ്സിൽ താഴെയുള്ള എന്ന പരാമർശം ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

തിരുവനന്തപുരം,
2014 ഡിസംബർ 4.

പി. കെ. അബ്ദു റബ്ബ്,
*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി VI.*